# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(ഹാജർ: നജീബ് എച്ച്.)**

**സംഗ്രഹം**

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം-പൊതുസ്ഥലമാറ്റം -2022- വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് -1 ആയ ശ്രീമതി ഒ.ബിന്ദുവിന് ഗ്രാമവികസന കമ്മീഷണറേറ്റിലേക്ക് സ്ഥലമാറ്റം അനുവദിച്ച ഉത്തരവാകുന്നു.

---

**ഉത്തരവ് നം.3384/എസ്റ്റാ.ഡി 4/2022/സി.ആർ.ഡി തീയതി : 15/07/2022**

---

പരാമർശം:- 1) സ.ഉ.(പി) നമ്പർ 03/2017/ഉഭപവ/തീയതി 25.02.2017

2) ഈ ഓഫീസിൽ നിന്നുള്ള 16/05/2022 ലെ 1646/എസ്റ്റ.ബി3/2021/ സിആർഡി നമ്പർ സർക്കുവർ

3) ഈ ഓഫീസിൽ നിന്നുള്ള 08/06/2022 ലെ 1646/എസ്റ്റ.ബി3/2021/ സിആർഡി നമ്പർ നടപടിക്രമം.

## ഉത്തരവ്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നതിന് നിർദേശം നൽകി സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഗ്രാമവികസന വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈൻ മുഖേന നടത്തുന്നതിന് അപേക്ഷകൾ ക്ഷണിച്ച സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ലഭ്യമായ അപേക്ഷകൾ പരിഗണിച്ച് പൊതു സ്ഥലംമാറ്റത്തിനുള്ള കരട് സാധ്യത പട്ടിക സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിച്ചിട്ടുള്ളതാണ്.

പൊതു സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ ഗ്രാമവികസന കമ്മീഷണറേറ്റിലേക്ക് അപേക്ഷ നൽകിയിട്ടുള്ള വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-I ആയ ശ്രീമതി.ഒ.ബിന്ദുവിന് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലംമാറ്റം അനുവദിച്ച ഉത്തരവാകുന്നു. വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ടിയാൾ വിടുതൽ വാങ്ങി ഗ്രാമവികസന കമ്മീഷണർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) തിരുവനന്തപുരം
2) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്,വെള്ളനാട്
3) എസി & എഡി സെക്ഷൻ
4) ഐ.ടി സെൽ ഗ്രാമവികസന കമ്മീഷണറേറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) കരുതൽ ഫയൽ/ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്